**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5770** **08-11-2021 - ൽ മറുപടിയ്ക്ക്**

**തിരുവമ്പാടി മണ്ഡലത്തിൽ പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തിരുവമ്പാടി മണ്ഡലത്തിൽ സ്വകാര്യമേഖലയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി സംരംഭകർ സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ; | (എ) | കോഴിക്കോട് ജില്ലയിൽ കാരശ്ശേരി പഞ്ചായത്തിൽ കുമാരനല്ലൂർ വില്ലേജിൽ ഒരു സ്വകാര്യ വ്യവസായ പാർക്കിനു അംഗീകാരം നൽകുന്നതിനായി കേരള ക്വാറി ആൻഡ് ക്രഷർ ഓപ്പറേറ്റീവ് അസ്സോസിയേഷൻ സ്റ്റേറ്റ് കമ്മിറ്റി സി.എം.ഓ പോർട്ടൽ മുഖേന ഒരു അപേക്ഷ ലഭ്യമാക്കിയിട്ടുണ്ട്. കുമാരനല്ലൂർ വില്ലേജിൽ സർവ്വേ നമ്പർ 78 2A -ൽപ്പെട്ട 746.84 ഏക്കർ ഭൂമിയിലെ 110 ഏക്കർ ഭൂമിയിലാണ് വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനായി അപേക്ഷിച്ചിട്ടുള്ളത്. വില്ലേജ് രേഖകളിൽ ഈ ഭൂമിയുടെ തരം തോട്ടമായാണ് കാണപ്പെടുന്നത്. കൂടാതെ പ്രസ്തുത സർവ്വേ നമ്പറിൽ 100-ലധികം തണ്ടപ്പേരുകളും നിലവിലുണ്ട്. അതിൽ നിന്ന് അപേക്ഷയിൽ പറഞ്ഞിരിക്കുന്ന 110 ഏക്കർ ഭൂമി വേർതിരിച്ചു എടുക്കേണ്ടതുണ്ട്. കൂടാതെ തോട്ടം എന്ന തരം മാറ്റിയെടുത്താൽ മാത്രമേ വ്യവസായ ആവശ്യത്തിനു ഉപയോഗിക്കുവാൻ കഴിയുകയുള്ളു. നിലവിൽ പ്രസ്തുത സ്ഥലത്ത് 3 എം-സാൻഡ് യൂണിറ്റുകളും 3 ക്രഷർ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളായ അപ്രോച്ച് റോഡ്, വൈദ്യുതി, ജലലഭ്യത എന്നിവ ഉറപ്പാക്കേണ്ടതായിട്ടുണ്ട്. ആയതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള അനുമതി ആവശ്യമാണ്. കൂടാതെ M/s. Jabal Ventures (P) Ltd. എന്ന സ്ഥാപനവും ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ? | (ബി) | കേരള ക്വാറി ആൻഡ് ക്രഷർ ഓപ്പറേറ്റീവ് അസ്സോസിയേഷൻ സ്റ്റേറ്റ് കമ്മിറ്റി സമർപ്പിച്ച അപേക്ഷയിൽ പറഞ്ഞിരിക്കുന്ന ഭൂമി തരം മാറ്റി എടുക്കേണ്ടതുണ്ട്. ഇതിനായി ഭൂഉടമകളുടെ സമ്മതപത്രവും അപേക്ഷയും ആവശ്യമാണ്. ഇവ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടില്ല. M/s. Jabal Ventures (P) Ltd. സമർപ്പിച്ച അപേക്ഷയിന്മേൽ |

| | | | |
|---|---|---|---|
| | | | ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ അധ്യക്ഷനായ ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റി നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ രണ്ട് അപേക്ഷകളും സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ